പതിമൂന്നാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3248

03/04/2013-ൽ മറുപടിക്ക്

## ആശ്രയ രണ്ടാംഘട്ട പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>പി. സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) ആശ്രയ പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നല്കുമോ; | (എ) ആശ്രയ പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് 18-08-2012 ലെ സ.ഉ (കൈയ്യെഴുത്ത്) നം.225/12/തസ്വഭവ പ്രകാരം വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച തിനു ശേഷം പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ പ്രകടമായഎന്തെല്ലാ പ്രതിഫലനങ്ങളാണ് ഉണ്ടായിട്ടുള്ളത് ; | (ബി) പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നേരത്തെ വിട്ടുപോയ അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും പദ്ധതിയിൽ കൊണ്ടുവരാൻ കഴിയുന്നു. പദ്ധതി കാലാവധിക്കു ശേഷം അർഹരായവർക്ക് തുടർസേവനം നൽകുന്നു. ചികിത്സാഉപകരണങ്ങൾ കിടത്തിചികിത്സ വേണ്ടവർക്ക് വീട്ടിൽ ലഭ്യമാക്കുന്നു. |
| (സി) ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കാതെ പോയിട്ടുള്ള അർഹരായവരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ രണ്ടാം ഘട്ട പദ്ധതിയിൽ അർഹരായ എത്രപേരെ ഉൾപ്പെടുത്താൻ സാധിച്ചുവെന്നറിയിക്കുമോ; | (സി) ഉണ്ട്. ഒന്നാം ഘട്ട ആശ്രയ പദ്ധതി അംഗീകരിച്ചു നടപ്പിലാക്കി വരുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ആദ്യ ഘട്ടത്തിൽ ഉൾപ്പെടാത്ത അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി രണ്ടാം ഘട്ട ആശ്രയ പദ്ധതി ആരംഭിക്കുന്നതിന് 19-01-2013 ലെ സ.ഉ (കൈയ്യെഴുത്ത്) നം.27/2013/തസ്വഭവ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം രണ്ടാം ഘട്ട ആശ്രയ പദ്ധതി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. 11 തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച |

| | | | |
|---|---|---|---|
| | | | പ്രോജക്ടുകൾ പ്രകാരം 355 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രോജക്ടുകൾ രൂപീകരിച്ചു വരുന്നു. |
| (ഡി) | സാമൂഹികപ്രതിബദ്ധത നിറഞ്ഞു നില്ക്കുന്ന ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ പരിപൂർണ്ണതയ്ക്കു വേണ്ടി 2013-14-ൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നറിയിക്കുമോ? | (ഡി) | ഒന്നാം ഘട്ട ആശ്രയ പദ്ധതി അംഗീകരിച്ചു നടപ്പിലാക്കി വരുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും 2013-14 ൽ രണ്ടാംഘട്ട ആശ്രയ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഒന്നാം ഘട്ട ആശ്രയ പദ്ധതി നടന്നു വരുന്ന പഞ്ചായത്തുകളിൽ പദ്ധതികളുടെ ഗുണനിലവാര അവലോകനം നടത്താൻ ഉദ്ദേശിക്കുന്നു. ഓൺലയിൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ആരംഭിച്ചിട്ടുണ്ട്. ആശ്രയ ഗുണഭോക്താക്കളെ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക ഫണ്ട് ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ